# കാലിത്തൊഴുത്തിനു മുന്നിൽ.......

ദാവീദിന്റെ പട്ടണത്തിൽ, നനുനനുത്ത ഒരു ധനുമാസ രാവിൽ ആട്ടിൻപറ്റത്തിന് കാവലിരുന്ന ആട്ടിടയൻമാർ... പകലന്തിയോളം നീണ്ട യാത്രയുടെ ക്ഷീണവും പകലധ്വാനത്തിന്റെ തളർച്ചയും കൊണ്ട് പെട്ടന്നുതന്നെ അവർ ഉറക്കത്തിലേയ്ക്ക് വഴുതിവീണു. മാമലകൾക്കപ്പുറത്തുനിന്നും മഞ്ഞിൻ കണങ്ങൾക്കൊപ്പം വീശിയടിച്ച കിഴക്കൻ കാറ്റിന്റെ കുഞ്ഞിളം കൈകൾ അവരെ തഴുകി തലോടി കടന്നുപോയി.

ആകാശനീലിമയുടെ വാതായനങ്ങൾ ഭേദിച്ച് ശുഭ്രവസ്ത്രധാരിയായ ഒരു ദൈവദൂതൻ ആട്ടിടയൻമാർക്കു മുമ്പിൽ പ്രത്യക്ഷപ്പെട്ടു. ഭയവിഹ്വലരായി ഞെട്ടിയുണർന്ന ആട്ടിടയർക്കു മുമ്പിൽ ദൂതന്റെ സ്വരം മാറ്റൊലിക്കൊണ്ടു."ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനും വേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്‌വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു! ദാവീദിന്റെ പട്ടണത്തിൽ ഒരു രക്ഷകൻ പിറന്നിരിക്കുന്നു! കർത്താവായ ക്രിസ്തു ഇന്ന് ജനിച്ചിരിക്കുന്നു''.

അന്തരീക്ഷത്തിന്റെ അനന്ത വിഹായസ്സിൽ ക്ഷണനേരം കൊണ്ട് പ്രത്യക്ഷപ്പെട്ട സ്വർഗീയ സൈന്യവ്യൂഹം തിരുജനനത്തിന്റെ ദൂത് അറിയിച്ചുകൊണ്ട് സർവ്വം മറന്നുപാടി.

" അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി,

ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്ക് ശാന്തിയും സമാധാനവും".

ക്രിസ്തുമസ്സ് തിരുജനനത്തിന്റെ ഉത്സവമാണ്. വചനമായ ദൈവം വിണ്ണിൽനിന്നും മണ്ണിൽ അവതരിച്ചതിന്റെ സ്മരണകളിരമ്പുന്ന തിരുപ്പിറവിയുടെ ആഘോഷം. പിറവി, അതാരുടെ ആയിരുന്നാലും ആഹ്ലാദകരമാണ്. ഒരുപക്ഷേ മനുഷ്യർ ഏറ്റവും അധികം സന്തോഷമനുഭവിക്കുന്ന അവസരവും പിറവിയുടേതായിരിക്കും. മക്കളുടെ മാത്രമല്ല, പൂവിന്റെ, പുലരിയുടെ, പുഞ്ചിരിയുടെ, പുതുമയുടെ എന്നുവേണ്ട ആരുടെ ആയിരുന്നാലും, എന്തിന്റെ ആയിരുന്നാലും പിറവി അവിസ്മരണീയവും ആനന്ദദായകവുമാണ്. പേറ്റുനോവിന്റെ കാഠിന്യത്തിനുമപ്പുറം ആത്മാവിന്റെ ആഴങ്ങളിലേയ്ക്ക് പടർന്നുപിടിക്കുന്ന പിറവിയുടെ ആന്ദോളനം അനിർവചനീയമാണ്. ഓരോ പിറവിക്കും പിന്നിൽ ആരുടെയൊക്കെയോ ഒടുങ്ങാത്ത ദാഹവും അടങ്ങാത്ത ആവേശവും അടയിരിക്കുന്നുണ്ടാവണം. കാരണം ഏതൊരു പിറവിക്കും, അവിചാരിതമെന്നു കരുതുന്നതിനുപോലും പിന്നിൽ വ്യക്തമായൊരു ലക്ഷ്യമുണ്ട്.

സ്നേഹം അതിന്റെ പാരമ്യതയിൽ മനുഷ്യരൂപം പൂണ്ടതാണ് യേശുക്രിസ്തു. തിരുപ്പിറവിയുടെ പിന്നിൽ ഒളിഞ്ഞിരിക്കുന്ന കാരണങ്ങളിലേയ്ക്കെത്തി നോക്കുമ്പോൾ മനുഷ്യമക്കളോട്, അനന്ത കാരുണ്യ മൂർത്തിയായ ദൈവത്തിന് ഉണ്ടായിരുന്ന അളവില്ലാത്ത സ്നേഹവും അനന്തമായ ദയയും സ്പഷ്ടമാണ്. "തന്നിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യ ജീവൻ പ്രപിക്കേണ്ടതിനു തന്റെ ഏക ജാതനെ നൽകുവാൻ തക്കവിധം ദൈവം ലോകത്തെ അത്രയധികമായി സ്നേഹിച്ചു". തിരുപ്പിറവിയുടെ പിന്നിലെ മഹാരഹസ്യം ലോകചരിത്രത്തിൽത്തന്നെ സമാനതകളില്ലാത്തതാണ്.

തിരുപ്പിറവി വെളിച്ചത്തിന്റെ അണമുറിയാപ്രവാഹമാണ്. അജ്ഞതയുടെ, പാപത്തിന്റെ ഘോരാന്തകാരത്തിൽപ്പെട്ട് ദിക്കറിയാതെ അലഞ്ഞിരുന്ന ദൈവജനത്തിനു മുമ്പിൽ രക്ഷയുടെയും മോചനത്തിന്റെയും പ്രകാശഗോപുരമായാണ് ക്രിസ്തു അവതരിച്ചത്.

കിഴക്കിന്റെ രാജാക്കന്മാർക്കും ആട്ടിടയന്മാർക്കും മുമ്പിൽ വഴിതെളിച്ച് വിരിഞ്ഞുനിന്ന ദിവ്യതാരകം പോലെ അന്ധകാരത്തിൽ, മരണത്തിൽ, പാപത്തിൽ കഴിഞ്ഞിരുന്ന ജനതതിക്കു മുമ്പിൽ "ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല" എന്നരുളിച്ചെയ്തവന്റെ ജനനം ഭൂമിയിലെ ദിവ്യപ്രകാശത്തിന്റെ ഉദയം തന്നെയായിരുന്നു.

"ആദിയിൽ വചനമുണ്ടായിരുന്നു

അവനിൽ ജീവനുണ്ടായിരുന്നു

ആ ജീവൻ മനുഷ്യരുടെ വെളിച്ചമായിരുന്നു

ആ വെളിച്ചം ഇരുളിൽ പ്രകാശിക്കുന്നു".

അതെ, കാലിത്തൊഴുത്തിലെ തിരുപ്പിറവി വെള്ളിവെളിച്ചത്തിന്റെ ഉദയമാണ്.

മനുഷ്യമക്കളിലേയ്ക്കുള്ള ദൈവത്തിന്റെ തീർത്ഥയാത്രയാണ് തിരുപ്പിറവിയിലൂടെ സാർത്ഥകമാകുന്നത്. ദൈവം മനുഷ്യനെത്തേടി അവന്റെ ഹൃദയ ഭൂമിയിലേയ്ക്ക് കടന്നുവരുന്നു. മറ്റു മതദൈവ സങ്കൽപങ്ങളിലെല്ലാം മനുഷ്യൻ ദൈവത്തെ തേടുന്ന കഥയാണുള്ളതെങ്കിൽ ഇത് ദൈവം മനുഷ്യനിലേയ്ക്ക് പ്രയാണം ചെയ്തതിന്റെ ചരിത്രമാണുൾക്കൊള്ളുന്നത്. ഈ മനുഷ്യാവതാരത്തിന്റെ ശ്രേഷ്ഠതയും മഹനീയതയും വിശുദ്ധ പൗലോസ് ശ്ലീഹാ ഫിലിപ്പിയർക്കെഴുതിയ ലേഖനത്തിൽ വരച്ചുകാട്ടുന്നുണ്ട്. ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിക്കാതെ തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് ............ അതെ, "ദാസന്റെ രൂപം സ്വീകരിച്ച് വിവേകവും ബുദ്ധിയുമുള്ള അമർത്യമായ

ആത്മാവോടും മർത്യമായ ശരീരത്തോടുംകൂടി, പരിപൂർണ മനുഷ്യനായി, സ്ത്രീയിൽനിന്നും ജാതനായി. നിയമത്തിനധീനരായവരെ ഉദ്ധരിക്കുവാൻ നിയമത്തിനു വിധേയനാവുകയും ഞങ്ങളുടെ രക്ഷയുടെ സ്മാരകം ഏർപ്പെടുത്തുകയും ചെയ്തു. രക്ഷാകരമായ ഈ രഹസ്യം........"

ലോകത്തിലിന്നേവരെ ഉണ്ടായിട്ടുള്ളതിൽവച്ച് ഏറ്റവും ശ്രേഷ്ഠമായ പിറവിയായി തിരുപ്പിറവി മാറുന്നത് ഈ പശ്ചാത്തലത്തിലാണ്. ബേത്‌ലഹേമിലെ ഒരു സാധാരണ കാലിത്തൊഴുത്ത് ചരിത്രത്തിലിടം നേടിയത് ഈ ശൂന്യവൽകരണ യാഗത്തിന് ബലിവേദിയായി മാറിയതുകൊണ്ടാണ്. ദൈവസ്നേഹത്തിന്റെ അണമുറിയാപ്രവാഹം അഭംഗുരം തുടരുന്ന എമ്മാനുവേൽ അനുഭവമാണ് തിരുപ്പിറവിയുടെ കാതൽ.

തിരുപ്പിറവി മനുഷ്യകുലത്തിനാകെ ദാനമായി ലഭിച്ച ജീവന്റെ പിറവിയാണ്. മനുഷ്യകുലത്തിന് "ജീവനുണ്ടാകുവാനും അത് സമൃദ്ധമായുണ്ടാകാനുമാണ് " താൻ വരുന്നതെന്ന് വെളിപ്പെടുത്തുന്ന ഈശോയുടെ തിരുജനനം; ഞാൻ നിങ്ങളോടു പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന സത്യദൈവത്തിന്റെ തിരുജനനം തന്നെയാണ്. കാലഗണനാ ചരിത്രത്തെത്തന്നെ എ.ഡി. എന്നും ബി.സി. എന്നും രണ്ടായി കീറിമുറിച്ചുകൊണ്ട് അവതരിച്ച യേശുനാഥൻ, സ്വശരീരം തന്നെ കീറിമുറിച്ച് പകുത്ത് പങ്കുവച്ചു നൽകികൊണ്ട് തിരുപിറവിക്ക് അർത്ഥം നൽകുകയാണ്.

ലോകത്തിനു മുഴുവൻ നിത്യജീവൻ നൽകുന്നതിനായി പാപമോചനവും രക്ഷയും പ്രദാനം ചെയ്യുന്നതിനായി ബേത്‌ലഹേമിലവതരിച്ച ജീവന്റെ അപ്പമാണ് യേശുക്രിസ്തു. യേശുതമ്പുരാന്റെ പിറവിയുടെ ലക്ഷ്യത്തിലേയ്ക്ക് നാം കടന്നുചെല്ലുമ്പോൾ നമ്മുടെ കാതിൽ മുഴങ്ങുന്നത് യേശുനാഥന്റെ തന്നെ വാക്കുകളാണ്.

" ദരിദ്രരെ സുവിശേഷം.........................."

'ക്രിസ്തുമസ്' അത് വിശ്വാസിയെ സംബന്ധിച്ചിടത്തോളം ആഘോഷങ്ങൾക്കും ആചരണങ്ങൾക്കുമിടയിൽ കേവലം വികാരവിചാരങ്ങളായി അവസാനിക്കാനുള്ളതല്ല. മറിച്ച് അത് നമുക്ക് ഓരോ ദിവസവും പകർന്നു കിട്ടേണ്ട എമ്മാനുവേൽ അനുഭവത്തിന്റെ സാക്ഷാത്കാരം തന്നെയാകണം. അകലെ ആകാശമേലാപ്പിനപ്പുറത്തോ, ആരാധാനാലയങ്ങൾക്കുള്ളിലോ, അതിവിശുദ്ധ സ്ഥലത്തോ വസിക്കാനല്ല ദൈവം ആഗ്രഹിക്കുന്നത്, മറിച്ച് എന്റെ ഉള്ളിലാണ്. അപ്പോഴാണ് ദൈവം എന്നോട് കൂടെയാകുന്നത്. അഥവാ "ഞാനല്ല ക്രിസ്തുവാണ് എന്നിൽ വസിക്കുന്നത് " എന്ന് തെളിയിക്കുന്നിടത്തോളമെത്തുന്നതാകണം എന്റെ ക്രിസ്തുമസ്സ്. ആയിരം പുൽക്കൂടുകളിലുണ്ണി പിറന്നാലും എന്റെ ഹൃദയത്തിലുണ്ണി പിറക്കുന്നില്ലെങ്കിൽ എനിക്കെന്തു ക്രിസ്തുമസ്സ്? അതെ, എന്റെ ഹൃദയത്തിലുണ്ണി പിറക്കാതെ എനിക്കെന്തു ക്രിസ്തുമസ്സ് ആഘോഷം?.

ആധുനിക മനുഷ്യൻ പടുത്തുയർത്തുന്ന ചക്രവാള സീമകളിലെങ്ങും ദൈവപുത്രന് പിറവിയെടുക്കാൻ സ്ഥലമില്ലെന്നായിരിക്കുന്നു. ഭൂമിയിൽ സന്മനസ്സുള്ളവരുടെ എണ്ണം അടിക്കടി കുറഞ്ഞുവരുന്നു. ദുരയും, പകയും, സ്വാർത്ഥതയും, കൊല്ലും കൊലയും, ക്രൂരതയും മനുഷ്യന്റെ മുഖമുദ്രയായി മാറുന്നു. അവന്റെ ജീവിത സങ്കല്പ സാക്ഷാത്കാരങ്ങളിലെങ്ങും തിരുപ്പിറവിക്കിത്തിരി ഇടം ചൂണ്ടിക്കാണിക്കുവാൻ അവന് കഴിയാതെ പോകുന്നു. “ വെറുതെ എന്തിനീ പൊല്ലാപ്പ് .....” എന്നുകരുതി അവൻ തന്റെ സഹോദരബന്ധങ്ങൾക്കുചുറ്റും കനത്ത വേലിക്കെട്ടുകൾ ഉയർത്തുന്നു. കൊട്ടിയടച്ചിരിക്കുന്ന കൂറ്റൻ കവാടങ്ങൾക്കുള്ളിൽ എങ്ങനെ ക്രിസ്തുവിന് പിറവിയെടുക്കാൻ കഴിയും? ലോകം മുഴുവനുംവേണ്ടി മലർക്കെ തുറന്നിട്ട, ആട്ടിടയൻമാർക്കും രാജാക്കൻമാർക്കും ഒരേപോലെ, വിലക്കുകളും വേലിക്കെട്ടുകളുമില്ലാതെ, ആർക്കും കടന്നുവരാൻ കഴിയുന്ന കാലിത്തൊഴുത്തിലല്ലേ യേശു ജനിക്കുന്നത്. ഈ ചെറിയവരിലൊരുവന് ചെയ്തപ്പോഴെല്ലാം എനിക്കുതന്നെയാണ് ചെയ്തത് എന്നരുളിചെയ്തവൻ നമ്മെ ഓർമിപ്പിക്കുന്നത് സാഹോദര്യത്തിന്റെയും സമത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സമർപ്പണത്തിന്റെയും ജീവിതശൈലിയാണ്. മതതീവ്രവാദവും ലൗജിഹാദും തുടങ്ങി ഒട്ടനവധി ആധുനിക ചിന്താസരണികൾ മനുഷ്യഹൃദയങ്ങളുടെ സ്നേഹതാളം തകർക്കുന്നിടങ്ങളിൽ അലിവിന്റെയും സഹിഷ്ണതയുടെയും സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും ജീവിതശൈലി ഉൾക്കൊള്ളുന്ന ദൈവമനുഷ്യന്റെ പ്രതിസംസ്ക്കാരത്തിന്റെ വക്താതാക്കളായിത്തീരുവാൻ ഈ കാലിത്തൊഴുത്തും തിരുപ്പിറവിയും നമ്മെ പ്രേരിപ്പിക്കുന്നുണ്ട്. വിശ്വമാനവീകതയുടെ ക്രാന്തദർശനങ്ങളിലേയ്ക്ക് മനസ്സർപ്പിച്ച് കടന്നു പോകുവാൻ കഴിയുന്ന ചിന്തകളും തീരുമാനങ്ങളും ആവണം പുൽക്കൂടിനു മുമ്പിൽ ഇന്നു നാം അർപ്പിക്കുന്ന പൊന്നും മീറയും കുന്തിരിക്കവും.

ഈ ക്രിസ്തുമസ് നമ്മുടെ സ്വപ്ന ചക്രവാളങ്ങൾക്കു മുമ്പിൽ തെളിഞ്ഞ ദിവ്യ നക്ഷത്രം തന്നെയാകട്ടെ. ഈ ദിവ്യതാരകത്തിന്റെ ചുവടുപിടിച്ച് നാം സഞ്ചരിക്കുന്നത് നന്മയുടെ ഹരിത ഭൂമിയിലൂടെയാകട്ടെ. അന്യന്റെ ദുഖങ്ങൾക്കും ദുരിതങ്ങൾക്കും താഴ്ചകൾക്കും വീഴ്ചകൾക്കും കണ്ണീരിനും നിലവിളിക്കും മുമ്പിൽ തുറന്നിട്ട ജാലകങ്ങളായി നാം മാറണം. നമ്മുടെ ജീവിതങ്ങളെ നോക്കി മാലാഖമാർ വീണ്ടും പാടട്ടെ.......... “ അത്യുന്നതങ്ങളിൽ ദൈവത്തിൻ സ്തുതി, ഭൂമിയിൽ ദൈവകൃപ ലഭിക്കുന്നവർക്ക് ശാന്തിയും സമാധാനവും.....’’ ഈ ശാന്തിയും സമാധാനവും നിറഞ്ഞ പുത്തനാണ്ട് സമൃദ്ധമായ ദൈവകൃപയുടെ വർഷമായി നമുക്കു മുമ്പിൽ പരിണമിക്കട്ടെ. ശ്രീയേശു ജയന്തിയുടേയും പുത്തനാണ്ടിന്റെയും മംഗളങ്ങൾ നേർന്നുകൊണ്ട്.

**ജോർജ്ജ് കോയിക്കൽ.**